# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2545 — 12.03.2020 ൽ മറുപടിയ്ക്ക്

## ഇന്ത്യ സ്കിൽസ് കേരള 2020

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ.കെ.സി.ജോസഫ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** തൊഴിലും നൈപുണ്യവും വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യ സ്കിൽസ് കേരള 2020 എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** യുവാക്കളുടെ സർഗ്ഗശേഷി ഫലപ്രദമായി ഉപയോഗിക്കുവാൻ എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | **(ബി)** യുവാക്കളുടെ സർഗ്ഗശേഷിയും, നൈപുണ്യശേഷിയും പ്രദർശിപ്പിക്കുന്നതിനുള്ള അവസരവും വേദിയും ലഭ്യമാക്കുന്നതിനും ഇതിലൂടെ ദേശീയ, അന്തർദേശീയ നൈപുണ്യ മേളകളിൽ പങ്കെടുക്കുന്നതിനും തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിന് അവസരം ലഭ്യമാക്കുന്നതിനുമാണ് ഇന്ത്യ സ്കിൽസ് കേരള 2020 പോലെയുള്ള നൂതന പരിപാടികൾ തൊഴിലും നൈപുണ്യവും വകുപ്പ് സംഘടിപ്പിക്കുന്നത്.. കൂടാതെ പൊതു സമൂഹത്തിലും, യുവതീ യുവാക്കൾക്കിടയിലും തൊഴിൽ നൈപുണ്യത്തെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്നതും ലക്ഷ്യമിടുന്നു. |
| **(സി)** സ്കിൽസ് കേരള 2020 ൽ വിജയികളാകുന്നവർക്ക് നൽകുന്ന സമ്മാന തുക നിലവിൽ എത്രയാണ്; അത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | **(സി)** ഇന്ത്യ സ്കിൽസ് കേരള 2020 ഫൈനൽ മത്സരങ്ങളിൽ ഒരോ സ്കില്ലിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്ക് 1 ലക്ഷം രൂപയും രണ്ടാം സ്ഥാനം കരസ്ഥമാക്കിയവർക്ക് 50,000 രൂപയും തുടർന്നുള്ള സ്ഥാനങ്ങളിൽ വരുന്ന 4 (നാല്) മത്സരാർത്ഥികൾക്ക് 10,000 രൂപ വീതവുമാണ് സമ്മാനതുകയായി നൽകുന്നത്. നിലവിൽ സമ്മാനത്തുക വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

**(ഡി)** വിവിധ മേഖലകളിൽ വൈദ ഗ്ധ്യമുള്ളവരെ വാർത്തെടു ക്കുന്നതിന് ഇത്തരം നൈപുണ്യ മത്സരങ്ങൾ എത്രമാത്രം സഹായക മാണ്; വിശദമാക്കുമോ?

**(ഡി)** 2021 -ൽ ചൈനയിലെ ഷാങ്ഹായിൽ വെച്ച് നടക്കുന്ന ലോക നൈപുണ്യ മേളയുടെ മുന്നോടിയായിട്ടാണ് സംസ്ഥാനതലത്തിൽ ഇന്ത്യ സ്കിൽസ് കേരള 2020 സംഘടിപ്പിച്ചത്. ഇന്ത്യ സ്കിൽസ് നാഷണൽ മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി വിജയിക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്ക പ്പെടുന്നവർക്ക് രാജ്യത്തെ പ്രതിനിധീകരിച്ച് ചൈനയിലെ ഷാങ്ഹായിൽ വെച്ച് നടക്കുന്ന ലോക നൈപുണ്യ മേളയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നതാണ്. വിവിധ തൊഴിലുകളിൽ വൈദഗ്ധ്യം നേടിയ യുവജനങ്ങൾക്ക് ഇത്തരം മേളകളിൽ സംസ്ഥാന, ദേശീയ, അന്തർദേശീയ വേദികളിൽ അവരുടെ നൈപുണ്യ ശേഷി പ്രദർശിപ്പിക്കുന്നതിനും ഇതിലൂടെ ദേശീയ, അന്തർദേശീയ ശ്രദ്ധ പിടിച്ചു പറ്റുന്നതിനും, മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കരസ്ഥമാക്കു ന്നതിനും സാധിക്കുന്നതാണ്. ഇത് കൂടാതെ യുവതലമുറയെ സ്കിൽ ട്രെയിനിംഗ് മേഖലയിലേക്ക് ആകർഷിക്കുന്നതിനും, ഇതിന്റെ വലിയ സാദ്ധ്യതകൾ മനസ്സിലാക്കിക്കൊടുക്കു ന്നതിനും നൈപുണ്യ മേളകൾ സഹായകം ആകുന്നുണ്ട്. ഇതിലൂടെ നൈപുണ്യ വൈദഗ്ധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കു ന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ